ചരിത്ര സ്മാരകങ്ങളുടെ സംരക്ഷണം

30 [610] *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പുരാവസ്തു വകുപ്പിന്റെ സംരക്ഷണത്തിലുള്ള കോട്ടകളും കെട്ടിടങ്ങളും ഏതെല്ലാം;

(ബി) ഇവ ഓരോന്നിന്റെയും സംരക്ഷണത്തിനുവേണ്ടി 2001-2002 മുതൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) 2001-2002 മുതൽ ഓരോ വർഷവും മേൽപ്പറഞ്ഞ ഓരോ ചരിത്ര സ്മാരകങ്ങളുടെയും സംരക്ഷണത്തിന് എന്തു തുക എന്തൊക്കെ ആവശ്യങ്ങൾക്കുവേണ്ടി ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) കൊടുങ്ങല്ലൂരിലെ പോർട്ടുഗീസ് കോട്ടയുടെ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; ടി കോട്ടയുടെ സംരക്ഷണത്തിന് എന്തു തുക വകയിരുത്തിയിട്ടുണ്ടെന്നും നാളിതുവരെ എന്തു തുക എന്തൊക്കെ ആവശ്യങ്ങൾക്കുവേണ്ടി ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന പുരാവസ്തു വകുപ്പിന്റെ സംരക്ഷണത്തിൽ കോട്ടകൾ, കെട്ടിടങ്ങൾ തുടങ്ങി 132 നിർമ്മിതികൾ ഉണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. †

(ബി) പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ പ്രാധാന്യവും അവിടെ ചെയ്തുതീർക്കേണ്ടിവരുന്ന പണിയുടെ അടിയന്തിര സ്വഭാവവും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് ആവശ്യമായ സ്ട്രക്ചറൽ, കെമിക്കൽ കൺസർവേഷൻ പണികൾ വകുപ്പിൽനിന്ന് ചെയ്തുവരുന്നു.

(സി) 2001-2002 മുതൽ പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള സംരക്ഷിത സ്മാരകങ്ങളിൽ നടത്തിയ സംരക്ഷണപ്പണികളുടെ വിശദവിവരങ്ങൾ അടങ്ങിയ പട്ടിക അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.†

(ഡി) കൊടുങ്ങല്ലൂരിലെ പോർച്ചുഗീസ് കോട്ട (കോട്ടപ്പുറം കോട്ട), പള്ളിപ്പുറം കോട്ട, ചേന്ദമംഗലം സിനഗോഗ് എന്നിവയുടെ സംരക്ഷണ പണികൾ ചെയ്തുതീർക്കുന്നതിനായി 50 ലക്ഷം രൂപ സംസ്ഥാന വിനോദസഞ്ചാര വകുപ്പ്

---

†വൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുവദിച്ചിരുന്നു. സർക്കാർ നിർദ്ദേശപ്രകാരം സിനഗോഗിന്റെ പണികൾക്ക് പ്രാധാന്യം നൽകി പൂർത്തിയാക്കിയിട്ടുണ്ട്. കൊടുങ്ങല്ലൂരിലെ പോർച്ചുഗീസ് കോട്ട ഉൾപ്പെടെയുള്ള മറ്റ് സ്മാരകങ്ങളുടെ സംരക്ഷണപ്പണികൾ ചെയ്തുതീർക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

ചരിത്രപ്രധാന കെട്ടിടങ്ങളുടെ സംരക്ഷണം

31 [611] *ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:*

,, *വർക്കല കഹാർ:*

,, *പി. ജെ. ജോയി:*

,, *ഇ. എം. അഗസ്തി:*

,, *വി. ഡി. സതീശൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികജാതിവർഗ്ഗക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചരിത്രപ്രാധാന്യമുള്ള എത്ര ക്ഷേത്രങ്ങൾ, പള്ളികൾ, മനകൾ, സർപ്പക്കാവുകൾ, എട്ടുകെട്ടുകൾ മുതലായവയുണ്ടായിരുന്നു എന്ന് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) ഇവയിൽ പുരാവസ്തു പ്രാധാന്യമുള്ളവ എത്ര;

(സി) കാലപ്പഴക്കംകൊണ്ട് ജീർണ്ണിച്ചവയെത്ര;

(ഡി) ഇവയെ അവയുടെ തനതു രൂപത്തിൽ പുതുക്കി സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്?

ഉത്തരം

(എ) കേരളത്തിലെ ചരിത്രപ്രാധാന്യമുള്ള ക്ഷേത്രങ്ങൾ, പള്ളികൾ, മനകൾ, മറ്റു നിർമ്മിതികൾ, സർപ്പക്കാവുകൾ, എട്ടുകെട്ടുകൾ എന്നിവയെക്കുറിച്ച് സമഗ്രപഠനം നടത്തുന്നതിനും തുടർനടപടികൾക്കുമായി സർക്കാർ ആർട്ട് ആന്റ് ഹെറിട്ടേജ് കമ്മിറ്റി രൂപവൽക്കരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണവകുപ്പ് സെക്രട്ടറിയാണ് കമ്മീഷന്റെ ചെയർമാൻ. ചീഫ് ടൗൺ പ്ലാനർ കൺവീനറും പുരാവസ്തു വകുപ്പ് ഡയറക്ടർ മെമ്പറുമാണ്. പുരാവസ്തു വകുപ്പിന്റെ സഹായത്തോടെ ടൗൺ പ്ലാനിംഗ് വകുപ്പ് വിവരങ്ങൾ ശേഖരിച്ചു പഠനങ്ങൾ നടത്തിവരുന്നു.

(ബി) സംസ്ഥാനത്തുള്ള ചരിത്രപരവും പുരാവസ്തുപരവുമായി പ്രാധാന്യമുള്ള കെട്ടിടങ്ങളും കോട്ടകളും ആരാധനാലയങ്ങളും ഉൾപ്പെടെ 132 നിർമ്മിതികൾ വകുപ്പ് സംരക്ഷിച്ചുവരുന്നു.

(സി) ഇതുസംബന്ധമായ പഠനം നടന്നുവരുന്നതേയുള്ളു. അതിനുശേഷമേ ജീർണ്ണിച്ചവയുടെ എണ്ണം തിട്ടപ്പെടുത്താനാകൂ.

LIBRARY ARCHIVES Kerala Legislative Assembly